"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ അധികമായി ചെലവായ 6,88,800/- രൂപയിൽ 5,00,000/- രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് തുകയിൽ നിന്നും ബാക്കി 1,88,800/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.826/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.564/2023/ത.സ്വ.ഭ.വ തീയതി, 06.03.2023.
2. 18.05.2023 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ 152/2022/ആർ.ഒ2/ഡി പി എം നമ്പർ കത്ത്.
3. 12.12.2023, 29.02.2024 തീയതികളിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/6473/2023-DPLC2 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിന് കൂടുതൽ തുക ചെലവഴിക്കാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു. 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയവകയിൽ അധികമായി ചെലവായ 6,88,800/- രൂപയിൽ 5,00,000/- രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് തുകയിൽ നിന്നും ബാക്കി 1,88,800/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി, സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധരേഖകളും തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് സഹിതം പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. അളഗപ്പനഗർ ഗ്രാമ പഞ്ചായത്തിൽ 2023 വർഷത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെട്ടതിനെതുടർന്ന് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തിയിട്ടുണ്ടെന്നും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി കുടിവെള്ളം വിതരണം ചെയ്തതിന് ആകെ 18,88,000/- രൂപ ചെലവഴിച്ചതായും സർക്കാർ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിനായി പരമാവധി ചെലവഴിക്കാവുന്ന തുക 12 ലക്ഷം രൂപയാണെന്നിരിക്കെ 6,88,800/- രൂപയുടെ അധിക കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 01.04.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണത്തിനായി 12 ലക്ഷം ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയവകയിൽ അധികമായി ചെലവായ 6,88,800/- (ആറ് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയിൽ 5,00,000/- രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് തുകയിൽ നിന്നും ബാക്കി 1,88,800/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
സെക്രട്ടറി, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Resmi R S**
**Date: 15-05-2024 17:07:20**

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു. റവന്യൂ, ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്